**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3469**

**21/12/2012-ൽ മറുപടിക്ക്**

## കുടുംബശ്രീ-സി.ഡി.എസ് അക്കൗണ്ടന്റുമാരുടെ വേതനം

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീമതി ഇ. എസ് . ബിജിമോൾ** | **ഡോ. എം. കെ. മുനീർ**<br>**ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** |
| (എ) ഗ്രാമപഞ്ചായത്തുകളിലെ കുടുംബ ശ്രീ- സി.ഡി.എസ് അക്കൗണ്ടന്റുമാർക്ക് നിലവിൽ പ്രതി മാസം നല്കുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ ; | (എ) ഗ്രാമപഞ്ചായത്തുകളിലെ കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റുമാർക്ക് നിലവിൽ നൽകുന്ന പ്രതിഫലം 5000/- രൂപയാണ്. |
| (ബി) വേതനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;നിലവിൽ ജോലി ചെയ്യുന്ന അക്കൗണ്ടന്റുമാരെ സ്ഥിര പ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) അക്കൗണ്ടന്റുമാരുടെ വേതനം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിലാണ് സി.ഡി.എസ് അക്കൗണ്ടന്റുമാരെ നിയമിച്ചിട്ടുള്ളത്. നിലവിലുള്ള സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ കാലാവധി 31-03-2013 വരെ ദീർഘിപ്പിക്കുവാനും പുതിയ അക്കൗണ്ടന്റുമാരുടെ നിയമനത്തിനുള്ള അപേക്ഷകൾ സ്വീകരിച്ച് നടപടിക്രമം പൂർത്തിയാക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള അക്കൗണ്ടന്റുമാർക്കും ഇപ്രകാരം നിയമനത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**